"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ പ്രോജക്റ്റ് നമ്പർ 355/21-ന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1661/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/09/2020

പരാമർശം:- 1 പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16/06/2020ലെ കത്ത്.

2 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16/06/2020ലെ പി6/3380/2019 നമ്പർ കത്ത്.

3 24/06/2020-ലെ കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.18.

ഉത്തരവ്

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെയും യഥാക്രമം (1), (2)-ലെ പരാമർശിത കത്തുകൾ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ സംബന്ധിച്ച് അപേക്ഷ പരാമർശം (3) പ്രകാരം സർക്കാർ കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ചിരുന്നു-

(i) പത്തനംതിട്ട ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകളിലും കെമിസ്ട്രി ലാബ് സൗകര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ ഹയർ സെക്കന്ററി സ്കൂളിലോ, സർക്കാർ സ്കൂൾ ഇല്ലാത്ത പക്ഷം അതേ പഞ്ചായത്തിലെ കെമിസ്ട്രി ലാബുള്ള എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലോ, ജലഗുണ പരിശോധനാ ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റ് നമ്പർ 355/21-ന് പ്രോജക്റ്റിന് അനുമതി

(ii) ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ തെർമ്മൽ സ്കാനർ വാങ്ങി നൽകൽ എന്ന പ്രോജക്റ്റ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി

(iii) ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും കെമിസ്ട്രി ലാബ് സൗകര്യമുള്ള ഓരോ സർക്കാർ കോളേജുകളിലോ, സർക്കാർ കോളേജ് ഇല്ലായെങ്കിൽ ഇതേ സൗകര്യമുള്ള എയ്ഡഡ് കോളേജിലോ മണ്ണ് പരിശോധനാ ലാബ് സജ്ജീകരിക്കൽ എന്ന പ്രോജക്റ്റ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി

2. മേൽ വിഷയങ്ങൾ സംബന്ധിച്ച് പരാമർശം (3) പ്രകാരം സർക്കാർ കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു-

(i) പത്തനംതിട്ട ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്തിൽ പരമാവധി ഒരെണ്ണം എന്ന നിലയിൽ

കെമിസ്ട്രി ലാബുള്ള സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ മാത്രം ജലഗുണ പരിശോധനാ ലാബ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നു.

(ii) ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ തെർമ്മൽ സ്കാനർ വാങ്ങി നൽകൽ എന്ന പദ്ധതി സംബന്ധിച്ച് നിലവിലുള്ള ഉത്തരവ് പ്രകാരം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയ്ക്ക് നൽകേണ്ടതാണ്.

(iii) കെമിസ്ട്രി ലാബുള്ള സർക്കാർ കോളേജിൽ മാത്രം ഇതിനുള്ള സൗകര്യം ഒരുക്കാൻ അനുമതി നൽകുന്നു. ടി പ്രോജക്ട് ജില്ലാ അസൂത്രണ സമിതിയുടെ പരിഗണനക്ക് നല്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ജില്ലാ കളക്ടർ, പത്തനംതിട്ട ജില്ല.
സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്.
ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട ജില്ല.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signature valid
Digitally signed by ...ENAMMA P A
Date: 2020.0...:58:53 IST
Reason: Appro...

സെക്ഷൻ ഓഫീസർ.